സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി ക്യാപ്പിറ്റൽ റിജിയൺ ഡെവലപ്പ്മെന്റ് പദ്ധതിയുടെ കീഴിലാണ് നടപ്പിലാക്കുന്നത്. സർക്കാരിന്റെ തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൂടാതെ തീരപഥം അർബൻ ഡവലപ്പ്മെന്റ് പ്രോജക്ട്, ഉപദേശകരായ ഐ.എൽ. ആന്റ് എഫ്.എസ്., ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ വിഴിഞ്ഞം തുറമുഖത്തിന്റെ വികസന പ്രവർത്തനം ത്വരിതപ്പെടുത്തി വരികയാണ്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി സൃഷ്ടിക്കുന്ന തൊഴിലവസരങ്ങളെക്കുറിച്ച് തുറമുഖം ഏകദേശം പ്രവർത്തനക്ഷമമാകാതെ ഇപ്പോൾതന്നെ കണക്ക് തിട്ടപ്പെടുത്തുവാൻ പ്രയാസമാണ്.

പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിലേക്കുള്ള പ്രവേശനം

18 [*135] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, എം. വി. ജയരാജൻ:

,, സാജു പോൾ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിലേക്കുള്ള പ്രവേശനം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മാനേജ്മെന്റ് സീറ്റുകളിലേക്ക് നടത്തിയ പ്രവേശനം സംബന്ധിച്ച കേസുകളിൽ ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും പരാമർശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിലേക്കുള്ള പ്രവേശനം സംബന്ധിച്ച് ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും വിധികളുടെ പ്രസക്തഭാഗം വിശദമാക്കാമോ;

(ഡി) കോടതികളുടെ വിധിയെത്തുടർന്ന് പ്രസ്തുത കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിൽ വീഴ്ചകൾ വരുത്തിയവർക്കെതിരെ എന്തെല്ലാം നിലയിലുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി;

(ഇ) പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ കോടതി വിധികളുടെയോ ഗവൺമെന്റ് നിർദ്ദേശങ്ങളുടെയോ അന്തസത്തയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടോ;

(എഫ്) കോടതിവിധിയെ തുടർന്ന് പ്രവേശനം നഷ്ടപ്പെട്ട വിദ്യാർത്ഥികളിൽനിന്നും വാങ്ങിയിരുന്ന തുക തിരിച്ച് നൽകുകയുണ്ടായോ എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് ബാധകമായ മാനദണ്ഡങ്ങളുടേയും സർക്കാരിന്റേയും കോടതികളുടേയും കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് വിദ്യാർത്ഥി പ്രവേശനം നടത്തുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിശദമാക്കാം. മാനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷിച്ചവരിൽനിന്ന് എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥി പ്രവേശനം നടത്തണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നു.

(ഡി) കോടതിവിധിയനുസരിച്ച് പ്രവേശനം പുനഃക്രമീകരിച്ചിട്ടുണ്ട്. ആദ്യ പ്രവേശനം സർക്കാർ ഉത്തരവനുസരിച്ചായതിനാൽ ആരുടേയും പേരിൽ നടപടിയെടുക്കുകയുണ്ടായില്ല.

(ഇ) ഇല്ല.

(എഫ്) പ്രവേശനം പുനഃക്രമീകരിച്ചപ്പോൾ പുറത്തായ വിദ്യാർത്ഥികൾക്ക് ഫീസ് തിരികെ നൽകാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുറത്തായ മുഴുവൻ വിദ്യാർത്ഥികളും ഫീസ് തിരികെ വാങ്ങിയിട്ടില്ല. വിദ്യാർത്ഥികളുടെ കേസ് സുപ്രീം കോടതിയിൽ നിലവിലുള്ളതിനാലാണ് കുറെ കുട്ടികൾ ഫീസ് തിരികെ വാങ്ങാതിരിക്കുന്നത്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവർ അടച്ച ഫീസ് തിരികെ നൽകുന്നുണ്ട്.

പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഫീസ് നിരക്ക്

19 [*136] ശ്രീ. കെ. പി. രാജേന്ദ്രൻ :

„ പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിവിധ കോഴ്സുകൾക്ക് ഇപ്പോൾ സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഫീസ് നിരക്ക് വെളിപ്പെടുത്താമോ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഉയർന്ന ഫീസ് നൽകാൻ കഴിയാത്തതിന്റെ ഫലമായി വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ച് പോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിവിധ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കുന്നതിനായി ജസ്റ്റീസ് കെ. ടി. തോമസ് ചെയർമാനായി ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റി വിവിധ കോഴ്സുകൾക്ക് നിശ്ചയിച്ച ഫീസ് താഴെ പറയും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly